compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മാർച്ച് 03
**Tuesday, 03rd March 2026**

1201 കുംഭം 19
**19th Kumbham 1201**

1947 ഫാൽഗുനം 12
**12th Phalguna 1947**

വാല്യം 15
**Vol. XV**

നമ്പർ / **No.** 9

## Part III

## Electrical Inspectorate Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിജ്ഞാപനം

നമ്പർ സ.ഇ.ഐ./51/2025-ജി3. 2026 ഫെബ്രുവരി 18.

കേരള സംസ്ഥാന ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് നടത്തുന്ന ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർ എഴുത്തു പരീക്ഷയ്ക്ക് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. പരീക്ഷയിൽ വിജയിക്കുന്നവർക്ക് കേരള സംസ്ഥാന ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 180(2) (ഒ)-യും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ്, റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക്ക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 6-ം പ്രകാരം ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എൻജിനീയർ-യോഗ്യതാ സാക്ഷ്യപത്രം നൽകുന്നതാണ്. ഇപ്രകാരം യോഗ്യത നേടുന്നവരെ തവണ ഫീസായി ₹ 10,000 അടക്കുന്ന മുറയ്ക്ക് മറ്റു മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് 10 വർഷത്തേക്ക് ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എൻജിനീയറായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

അപേക്ഷ ഫോറത്തിന്റെ മാതൃക www.dei.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഡൗൺലോഡ് ചെയ്തെടുത്ത അപേക്ഷയോടൊപ്പം അപേക്ഷ ഫീസായ ₹ 500-ന്റെ അസ്സൽ ചെല്ലാനും ഹാജരാക്കേണ്ടതാണ്.

പൂരിപ്പിച്ച അപേക്ഷ നിർദ്ദിഷ്ട പ്രമാണങ്ങൾ സഹിതം അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം-695 001 എന്ന മേൽവിലാസത്തിൽ 2026 മാർച്ച് 20-ന് വൈകുന്നേരം 5 മണിക്ക് മുൻപ് ലഭിച്ചിരിക്കേണ്ടതാണ്.

കുറിപ്പ്:—15-10-2024 തീയതിയിലെ സ.ഉ.(കൈ.) നമ്പർ 6/2024/POWER എന്ന സർക്കാർ ഉത്തരവ് പ്രകാരം എഴുത്ത് പരീക്ഷയിൽ ഇളവിന് അർഹതയുള്ളവർ ഇപ്പോൾ അപേക്ഷിക്കേണ്ടതില്ല.അപ്രകാരമുള്ള അപേക്ഷകർക്കായി പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, ശാന്തി നഗർ, തിരുവനന്തപുരം.

(ഒപ്പ്)
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അനുബന്ധം

ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എൻജിനീയർ പരീക്ഷ-2026

**ജോലിയുടെ പരിധി**

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആൻഡ് ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023-ലെ റെഗുലേഷൻ 6-ൽ വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ സെൽഫ് സർട്ടിഫിക്കേഷൻ നടത്തുന്നത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഇതു പ്രകാരമാണ് വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ ഉടമസ്ഥർ/ഉപഭോക്താവ്/സപ്ലെയർ എന്നിവരെ സഹായിക്കുന്നതിന് ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എൻജിനീയർമാരെ നിയോഗിക്കുന്നത്. ഇപ്രകാരം നിയോഗിക്കപ്പെടുന്ന ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിയിനീയർമാർക്ക് 18-9-2023 തീയതിയിലെ ജി.ഒ.(പി) നമ്പർ 04/2023/Power എന്ന സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 & 5 പരിധിയിൽ വരുന്ന വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ ഉപഭോക്താവിനെ/ഉടമസ്ഥനെ/സപ്ലെയറെ സെൽഫ് സർട്ടിഫിക്കേഷനായി സഹായിക്കാവുന്നതാണ്.

**യോഗ്യതകൾ**

അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് ബിരുദവും/തത്തുല്യ യോഗ്യതയും വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ പ്രവർത്തനത്തിലും പരിപാലനത്തിലുമുള്ള 5 വർഷത്തെ പ്രവൃത്തി പരിചയവും വൈദ്യുത നിയമങ്ങൾ, ഇന്ത്യൻ സ്റ്റാൻഡേർഡ്, കോഡ് എന്നിവ സംബന്ധിച്ചുള്ള പരിജ്ഞാനവും.

അല്ലെങ്കിൽ

അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് ഡിപ്ലോമയും, വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ പ്രവർത്തനത്തിലും പരിപാലനത്തിലുമുള്ള 10 വർഷത്തെ പ്രവർത്തി പരിചയവും, വൈദ്യുത നിയമങ്ങൾ, ഇന്ത്യൻ സ്റ്റാൻഡേർഡ്, കോഡ് എന്നിവ സംബന്ധിച്ചുള്ള പരിജ്ഞാനവും.

**പ്രായപരിധി**

വിജ്ഞാപന തീയതിയിൽ അപേക്ഷകന് 25 വയസ്സ് പൂർത്തിയായിരിക്കണം. പരമാവധി പ്രായപരിധി 65 വയസ്സാണ്.

**ഫീസ്**

കേരളത്തിലെ ഏതെങ്കിലും ഗവൺമെൻറ് ട്രഷറിയിൽ/ജനസേവന കേന്ദ്രത്തിൽ 0043-00-102-99-02 എല്ല ശീർഷകത്തിൽ ₹ 500 (അഞ്ഞൂറ് രൂപ) ഒടുക്കി ചെല്ലാൻ അപേക്ഷയോടൊപ്പം ഹാജരാക്കണം. ഒരിക്കൽ നൽകിയ ഫീസ് തിരികെ നൽകുകയോ മറ്റേതെങ്കിലും ആവശ്യത്തിന് നീക്കുപോക്ക് നടത്തുകയോ ചെയ്യുന്നതല്ല.

എഴുത്ത് പരീക്ഷയിൽ വിജയിക്കുന്നവർ ഒറ്റ തവണ ഫീസായി ₹ 10,000 (പതിനായിരം രൂപ) 0043-00-102-99-03 എന്ന ശീർഷകത്തിൽ അടച്ച് ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കരസ്ഥമാക്കേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ ഉപഭോക്താവിനെ/ഉടമസ്ഥനെ/സപ്ലെയറെ സെൽഫ് സർട്ടിഫിക്കേഷനായി സഹായിക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**നിബന്ധനകൾ**

1. അപേക്ഷകൻ കേരളത്തിലെ സ്ഥിരതാമസക്കാരനായിരിക്കണം.
2. വിദേശ രാജ്യങ്ങളിൽ നിന്നുള്ള പ്രവർത്തിപരിചയം പരിഗണിക്കുന്നതല്ല.
3. അപേക്ഷകൻ സർക്കാർ/അർദ്ധ സർക്കാർ/പി എസ് യു എന്നിവയിൽ ഒരു സ്ഥാനവും വഹിക്കുന്ന വ്യക്തികൾ ആയിരിക്കുവാൻ പാടില്ല.
4. അപേക്ഷിക്കുന്ന സമയത്ത് സാധുതയുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസൻസ്/പെർമിറ്റ് ഉണ്ടായിരിക്കുവാൻ പാടില്ല. ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസൻസ്/പെർമിറ്റ് സറണ്ടർ ചെയ്തവരുടെ അപേക്ഷകൾ പരിഗണിക്കുന്നതാണ്.
5. ഭാവിയിൽ ഏതെങ്കിലും കാരണവശാൽ ഇത്തരത്തിൽ കൈവശം വെച്ചതായി തെളിഞ്ഞാൽ ഇലക്ട്രിക്കൽ കോൺട്രാക്ടർ ലൈസൻസ്/പെർമിറ്റ് റദ്ദ് ചെയ്യുന്നതിനും ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയറുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നത് ഉൾപ്പടെയുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**പരീക്ഷാ ഘടന**

എഴുത്ത് പരീക്ഷക്ക് രണ്ട് ഭാഗങ്ങൾ ആണ് ഉള്ളത്. ആദ്യത്തെ ഭാഗം ഒബ്ജക്റ്റീവ് മാതൃകയിൽ ഉള്ളതും, രണ്ടാം ഭാഗം വിവരണാത്മക (Descriptive) മാതൃകയിൽ ഉള്ളതും ആണ്. ഒബ്ജക്റ്റീവ് ഭാഗം 45 മിനിറ്റ് ദൈർഘ്യമുള്ളതും 1 മാർക്ക് വീതമുള്ള 50 ചോദ്യങ്ങൾ ഉൾപ്പെടുന്നതും വിവരണാത്മക ഭാഗം 2 മണിക്കൂർ ദൈർഘ്യമുള്ളതും 10 മാർക്ക് വീതമുള്ള 10 ചോദ്യങ്ങൾ ഉൾപ്പെടുന്നതും ആണ്. എഴുത്ത് പരീക്ഷയിൽ വിജയിക്കുന്നതിന് രണ്ട് ഭാഗങ്ങളിലും കുറഞ്ഞത് 50% മാർക്ക് വീതം കരസ്ഥമാക്കേണ്ടതാണ്.

**സിലബസ്**

പ്രസ്തുത പരീക്ഷയുടെ സിലബസ് www.dei.kerala.gov.in എന്ന വെബ്സൈറ്റിലും, 15-10-2024 തീയതിയിലെ സ.ഉ.(കൈ) നമ്പർ 6/2024/POWER എന്ന സർക്കാർ ഉത്തരവിലും ലഭ്യമാണ്.

അപേക്ഷയോടൊപ്പം താഴെപ്പറയുന്ന പ്രമാണങ്ങൾ ഹാജരാക്കണം

1. ആകെ ഫീസ് ₹ 500 (അഞ്ഞൂറ് രൂപ). കേരളത്തിലെ ഏതെങ്കിലും ഗവൺമെന്റ് ട്രഷറിയിലോ/ജനസേവനകേന്ദ്രത്തിലോ 0043-00-102-99-02 എന്ന ശീർഷകത്തിൽ ഒടുക്കി അസ്സൽ ചെല്ലാൻ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
2. അപേക്ഷകൻ കേരളത്തിലെ സ്ഥിര താമസക്കാരനാണെന്ന് തെളിയിക്കുന്നതിന് റവന്യൂ അധികാരികളിൽ നിന്നും ലഭിക്കുന്ന റസിഡൻസ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
3. വയസ്സും വിദ്യാഭ്യാസ യോഗ്യതയും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്.
4. വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ പ്രവർത്തനത്തിലും പരിപാലനത്തിലുമുള്ള പ്രവർത്തിപരിചയം സാക്ഷ്യപ്പെടുത്തുന്ന നിർദ്ദിഷ്ഠ മാതൃകയിലുള്ള പ്രവർത്തിപരിചയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. (പ്രവർത്തിപരിചയ സർട്ടിഫിക്കറ്റിന്റെ മാതൃക www.dei.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്)
5. അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ നമ്പരും തീയതിയും അപേക്ഷയുടെ മുകളിൽ എഴുതേണ്ടതാണ്.

ന്യൂനതയുള്ളതും വൈകികിട്ടുന്നതുമായ അപേക്ഷകൾ മറ്റൊരു അറിയിപ്പ് കൂടാതെ നിരസിക്കുന്നതാണ്. ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയേഴ്സിന്റെ പ്രവർത്തനം സംബന്ധിച്ച വിശദവിവരങ്ങൾ 15-10-2024 തീയതിയിലെ സ.ഉ.(കൈ) നമ്പർ 6/2024/POWER എന്ന സർക്കാർ ഉത്തരവിൽ ലഭ്യമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള പരീക്ഷയ്ക്കായുള്ള അപേക്ഷ

| | | | |
|---|---|---|---|
| 1. | അപേക്ഷകൻ / അപേക്ഷകയുടെ പേര്<br>മാതൃഭാഷയിൽ<br>In English (Block letters) | | സമീപകാലത്ത് എടുത്ത കളർ പാസ്സ്പോർട്ട് സൈസ് ഫോട്ടോ |
| 2. | ലിംഗം | പുരുഷൻ ☐ സ്ത്രീ ☐ ട്രാൻസ്ജെൻഡർ ☐ | |
| 3. | ജനന തീയതി | | |
| 4. | മേൽ വിലാസം | | |
| 5. | വിദ്യാഭ്യാസ യോഗ്യത | | |
| 6. | പ്രവർത്തി പരിചയം | | |
| 7. | ഇലക്ട്രിക്കൽ ഇൻപെക്ടറേറ്റിൽ നിന്നും വിരമിച്ച ആളാണോ | അതെ ☐ അല്ല ☐ | |
| 8. | ഫീസ് ഒടുക്കിയതിന്റെ വിവരങ്ങൾ | | |

ഇവിടെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ സത്യസന്ധമാണെന്നും അല്ലാത്ത വിധം തെളിഞ്ഞാൽ അതിനുള്ള ഉത്തരവാദിത്തം എനിക്ക് മാത്രമാണെന്നും സത്യപ്രസ്താവന ചെയ്യുന്നു.

സ്ഥലം : ഒപ്പ് :

തീയതി: അപേക്ഷകൻ / അപേക്ഷകയുടെ പേര് :

ഉള്ളടക്കം:

1. ഫീസ് ഒടുക്കിയതിന്റെ രസീത്.
2. മേൽ വിലാസം, ജനന തീയതി എന്നിവ തെളിയിക്കുന്ന രേഖകളുടെ പകർപ്പ് (സ്വയം സാക്ഷ്യപെടുത്തിയത്).
3. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് (സ്വയം സാക്ഷ്യപെടുത്തിയത്).
4. നിർദിഷ്ട മാതൃകയിൽ തയ്യാറാക്കിയ പ്രവർത്തിപരിചയ സർട്ടിഫിക്കറ്റിന്റെ അസൽ.
5. റസിഡൻസ് സർട്ടിഫിക്കറ്റ്.

(സർട്ടിഫിക്കറ്റ് നൽകുന്ന സ്ഥാപനത്തിന്റെ ഔദ്യോഗിക ലെറ്റർഹെഡിൽ)

## പ്രവർത്തിപരിചയ സർട്ടിഫിക്കറ്റ്

.................................................. (അപേക്ഷകൻ / അപേക്ഷകയുടെ പേരും മേൽവിലാസവും) ഈ സ്ഥാപനത്തിൽ ജോലി നിർവഹിച്ചിരുന്നതായും, ഇലക്ട്രിക്കൽ ഇൻസ്റ്റലേഷനുകളുടെ പ്രവർത്തനവും പരിപാലനവുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന ജോലികൾ നിർവഹിച്ചിട്ടുണ്ടായിരുന്നുവെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

| ക്രമ നം. | സേവനകാലയളവ് | | പദവി | ജോലിയുടെ സ്വഭാവവും സംക്ഷിപ്ത വിവരണവും (വോൾട്ടേജ് ലെവൽ വ്യക്തമായി സൂചിപ്പിച്ചിരിക്കണം) |
|---|---|---|---|---|
| | എന്ന് മുതൽ | എന്ന് വരെ | | |
| | | | | |

ഈ സർട്ടിഫിക്കറ്റ് ചാർട്ടേഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനീയർ പരീക്ഷയുടെ അപേക്ഷയോടൊപ്പം ഹാജരാക്കുവാൻ പുറപ്പെടുവിച്ചിരിക്കുന്നു.

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**അപേക്ഷകൻ / അപേക്ഷകയുടെ ഒപ്പ്**

**അധികാരിയുടെ ഒപ്പും സീലും**
അധികാരിയുടെ പേര്
മൊബൈൽ നം.

മുകളിൽ നൽകിയിരിക്കുന്ന മാതൃകയിൽ തയ്യാറാക്കിയ പ്രവർത്തിപരിചയ സർട്ടിഫിക്കറ്റിൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ നം., സാക്ഷ്യപ്പെടുത്തുന്ന അധികാരിയുടെ പേര്, ഒപ്പ്, മൊബൈൽ നം., പദവി, സീൽ എന്നിവ ഉണ്ടായിരിക്കേണ്ടതാണ് (ജനറൽ മാനേജർ / സൂപ്രണ്ടിംഗ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനാണ് പ്രവർത്തിപരിചയ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തേണ്ടത്).

**(ON THE LETTER HEAD OF ORGANISATION ISSUING THE CERTIFICATE)**

## EXPERIENCE CERTIFICATE

This is to certify that ……........................... (name and address of applicant) worked in this organization and carried out the following works related to operation and maintenance of electrical installations.

| Sl. No. | Period of employment | | Designation | Brief description and nature of work clearly indicating voltage level |
|---|---|---|---|---|
| | From | To | | |
| | | | | |

This certificate is issued for submitting along with the application for Chartered Electrical Safety Engineer examination.

The above information is correct to best of my knowledge.

**Signature of Applicant**

**Signature and Seal of Issuing Authority**
Name of Officer
Mobile No.

The experience certificate as per the format prescribed above shall include company's registration no. and name, mobile no., designation & seal of the issuing authority (not below the rank of Superintending Engineer / General Manager).

സിലബസ്

1. വൈദ്യുത ഘടകങ്ങളും അളവു സമ്പ്രദായവും

വൈദ്യുത സർക്യൂട്ട് ഘടകങ്ങളേയും പരാമീറ്ററുകളേയും കുറിച്ചുള്ള അടിസ്ഥാന വിവരം, കറണ്ട്, വോൾട്ടേജ്, DC ശൃംഖലയിലെ പവർ, ആക്ടീവ് പവർ, റിയാക്ടീവ് പവർ, എനർജി, ഫ്രീക്വൻസി, സിംഗിൾ ഫേസ്, ത്രീ ഫേസ് AC ശൃംഖലയിലെ പവർ ഫാക്ടർ എന്നീ വൈദ്യുത പരാമീറ്ററുകൾക്കായി ഉപയോഗിക്കുന്ന അളവു രീതികളും അളക്കുവാനുപയോഗിക്കുന്ന ഉപകരണങ്ങളും; പവർ ഫാക്ടർ മെച്ചപ്പെടുത്തൽ; റിയാക്ടീവ് പവർ നികത്തൽ (കോമ്പൻസേഷൻ).

2. ട്രാൻസ്ഫോർമർ

അടിസ്ഥാനതത്വം, വിവിധതരങ്ങൾ, നിർമ്മിതി, സമാന സർക്യൂട്ട്, വോൾട്ടേജ് റെഗുലേഷൻ, പാരലൽ ഓപ്പറേഷൻ, പ്രതിഷ്ഠിക്കൽ, കമ്മീഷൻ ചെയ്യൽ, പ്രീ കമ്മീഷനിംഗ് പരിശോധനകൾ, അതിനുപയോഗിക്കുന്ന പരിശോധനാ ഉപകരണങ്ങൾ ഇവയെക്കുറിച്ചുള്ള അറിവ്, ട്രാൻസ്ഫോർമർ ഓയിൽ പരിശോധനയും വിശകലനവും; ട്രാൻസ്ഫോർമറിന്റെ വിവിധതരം പ്രൊട്ടക്ഷനുകളും ഉപയോഗിക്കുന്ന റിലേകളും, ട്രാൻസ്ഫോർമറുകളുടെ അഗ്നി സുരക്ഷയെ കുറിച്ചുള്ള അറിവ്, ട്രാൻസ്ഫോർമറുകളുടെ പ്രിവന്റീവ് മെയിന്റനൻസ്.

3. വൈദ്യുത യന്ത്രങ്ങൾ, കേബിളുകൾ, വയറിംഗ്

DC മോട്ടോറുകളുടെയും, AC മോട്ടോറുകളുടെയും അടിസ്ഥാന തത്വം, AC മോട്ടോറുകളുടെ സ്റ്റാർട്ടറുകളും വേഗനിയന്ത്രണവും; വേരിയബിൾ ഫ്രീക്വൻസി ഡ്രൈവറുകളും (VFD) അവയുടെ പ്രയോഗവും, വിവിധ മോട്ടോറുകളുടെ പരിശോധന, പ്രൊട്ടക്ഷൻ, പ്രിവന്റീവ് മെയിന്റനൻസ്.

കേബിളുകൾ:- വിവിധതരം കേബിളുകൾ, അവയുടെ കറണ്ട്, വോൾട്ടേജ് റേറ്റിംഗ്, തെരഞ്ഞെടുക്കൽ, പ്രയോഗം, പ്രതിഷ്ഠാപന രീതികൾ, കേബിൾ പ്രൊട്ടക്ഷനും പരിശോധനയും, ബ്രേക്ക് ഡൗണിനുള്ള കാരണങ്ങൾ, പ്രിവന്റീവ് മെയിന്റനൻസ്, പാർഷ്യൽ ഡിസ്ചാർജ്, തെർമോവിഷൻ പോലെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾക്കായുള്ള ഉപകരണങ്ങളുടെ രീതികളും ഉപയോഗവും.

വയറിംഗ്:- ഗാർഹികം, വ്യാവസായികം, കൺട്രോൾ വയറിംഗ്

4. പവർ സിസ്റ്റം

a) ഉത്പാദനം:- തെർമൽ, ഹൈഡ്രോ, ന്യൂക്ലിയർ, പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ, ഡീസൽ ജനറേറ്റർ സെറ്റുകൾ, വിവിധ ജനറേറ്റർ

പരിശോധന രീതികൾ, ഇവയുടെ സംരക്ഷണം റിലേകളുടെ ഉപയോഗം എന്നിവയെക്കുറിച്ചുള്ള അടിസ്ഥാന വിജ്ഞാനം.

b) പ്രസരണ സംവിധാനം:- ട്രാൻസ്മിഷൻ ലൈൻ വൈദ്യുത പരാമീറ്ററുകൾ, വിവിധതരം കണ്ടക്ടറുകൾ, ടവറുകൾ, ഇൻസുലേറ്ററുകൾ, റിയാക്ടീവ് പവർ കോമ്പൻസേഷൻ, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻ 2023 പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രസരണ ലൈനുകളുടെ അകലങ്ങൾ, പ്രസരണ ലൈനുകളുടെ സംരക്ഷണം, ഇതിനായി ഉപയോഗിക്കുന്ന റിലേകൾ, പ്രസരണ ലൈനുകളുടെ പരിശോധന, പതിവായുള്ള അറ്റകുറ്റപ്പണികൾ എന്നിവയെ കുറിച്ചുള്ള അടിസ്ഥാന വിജ്ഞാനം.

c) വൈദ്യുത സബ് സ്റ്റേഷൻ :- വിവിധതരം സബ്സ്റ്റേഷനുകൾ - എ.ഐ.എസും ജി.ഐ.എസും, രൂപരേഖയും ബസ് ബാർ സ്കീമും, എർത്തിംഗ് രൂപരേഖ, സർക്യൂട്ട് ബ്രേക്കർ, സി.റ്റി, സി.വി.റ്റി/പി.റ്റി, ഐസൊലേറ്റർ, എർത്ത് സ്വിച്ച്, വേവ് ട്രാപ്പ്, സർജ്ജ് അറസ്റ്റർ, എൽ ടി സ്വിച്ച് ഗിയറുകൾ, ഡി സി ബാറ്ററികൾ, ചാർജ്ജറുകൾ, യു.പി.എസ്, സ്കാഡ സിസ്റ്റം, സബ്സ്റ്റേഷനുകളിലെ വിവിധ ഉപകരണങ്ങളുടെ സംരക്ഷണത്തിനായുള്ള പ്രൊട്ടക്ഷൻ സ്കീമും റിലേകളും, വിവിധ ഓപ്പറേഷണൽ ഇന്റർലോക്കുകൾ, സബ്സ്റ്റേഷൻ ഉപകരണങ്ങളുടെ പ്രീ കമ്മീഷനിംഗ് പരിശോധനകൾ, നടപടിക്രമം, പരിശോധന ഉപകരണങ്ങൾ എന്നിവയെക്കുറിച്ചുള്ള അടിസ്ഥാന വിജ്ഞാനം.

5. വിതരണവും എൽ ടി സ്വിച്ച് ഗിയറുകളും - വിതരണ സമ്പ്രദായത്തിൽ ഉപയോഗിക്കുന്ന വൈദ്യുത ഉപകരണങ്ങളായ ഫ്യൂസുകളും, എ.സി.ബി കളും, എം.സി.ബികളും, എം.സി.സി.ബികളും, ഇ.എൽ.സി.ബി/ആർ.സി.സി.ബി, സ്വിച്ച് ബോർഡുകൾ, ബസ് ഡക്റ്റ്, സിംക്രണൈസിംഗ് പാനലുകൾ, ലിങ്ക്ഡ് സ്വിച്ച് വിത്ത് ഫ്യൂസ്, ആർ.എം.യു, എച്ച്.ടി & എൽ.ടി പാനലുകൾ, എ.പി.എഫ്.സി പാനലുകൾ, പി.എൽ.സി ലോജിക് പാനലുകൾ, മേൽപ്പറഞ്ഞ സ്വിച്ച് ഗിയറുകളുടെ പരിശോധന രീതികളും പരിശോധന ഉപകരണങ്ങളും.

6. എർത്തിംഗ്

വിവിധ തരത്തിലുള്ള സിസ്റ്റം എർത്തിംഗ്, ഫാൾട്ട് ലെവൽ നിർണ്ണയിക്കൽ, വിവിധ തരത്തിലുള്ള എർത്തിംഗ് -റോഡ്/പ്ലേറ്റ്, എർത്ത് കണ്ടക്ടർ വലുപ്പം, എർത്ത് റെസിസ്റ്റൻസ് അളക്കലും അതിന് ഉപയോഗിക്കുന്ന ഉപകരണങ്ങളും, സബ്സ്റ്റേഷൻ ഉപകരണങ്ങളുടെ എർത്തിംഗ്, പ്രസരണ വിതരണ ലൈനുകൾ/ടവറുകൾ, കൺസ്യൂമർ പ്രതിഷ്ഠാപനങ്ങളിലെ എർത്തിംഗ്, ഗാർഹിക - വ്യാവസായിക സ്ഥാപനങ്ങളിലെ ഉപകരണങ്ങളുടെ എർത്തിംഗ്.

7. <u>വൈദ്യുതിയിൽ നിന്നും, തീപിടുത്തത്തിൽ നിന്നും ഉള്ള സുരക്ഷ</u>

വൈദ്യുതിയുടെ സുരക്ഷിതമായ ഉപയോഗത്തിനുള്ള വ്യക്തിഗത സുരക്ഷ ഉപകരണങ്ങളായ കൈ ഉറ, റബർ ഷൂസ്, അരപട്ട (ബെൽറ്റ്), എർത്തിംഗ് റോഡ്, കണ്ണട (ഗോഗ്ഗിൾ) മുതലായവ, വ്യത്യസ്തങ്ങളായ വോൾട്ടേജുകൾക്ക് സുരക്ഷിതമായ ജോലി ചെയ്യുന്നതിനുള്ള അകലം, വ്യത്യസ്തങ്ങളായ ഉപയോഗത്തിനുള്ള അഗ്നി ശമന ഉപകരണങ്ങൾ, സ്റ്റാറ്റിക്

ഇലക്ട്രിസിറ്റി, ഇടിമിന്നലിൽ നിന്നുള്ള സുരക്ഷ, വൈദ്യുത സുരക്ഷ ഓഡിറ്റ്, പ്രഥമശുശ്രൂഷ ഇവയെ പറ്റിയുള്ള അടിസ്ഥാന വിജ്ഞാനം.

8. <u>ആക്റ്റുകൾ, സുരക്ഷ റെഗുലേഷനുകൾ അതുമായി ബന്ധപ്പെട്ട കോഡുകളും സ്റ്റാൻഡേർഡുകളും</u>

ഇലക്ട്രിസിറ്റി ആക്ട് 2003, ഫാക്ടറി ആക്ട് 1948, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (മെഷേർസ് റിലേറ്റിംഗ് ടു സേഫ്റ്റി & ഇലക്ട്രിക് സപ്ലൈ) റെഗുലേഷൻസ് 2023, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (ടെക്നിക്കൽ സ്റ്റാൻഡേർഡ്സ് ഫോർ കൺസ്ട്രഷൻ ഓഫ് ഇലക്ട്രിക്കൽ പ്ലാന്റ്സ് ആന്റ് ലൈൻസ്) റെഗുലേഷൻസ്, 2022, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (ടെക്നിക്കൽ സ്റ്റാൻഡേർഡ്സ് ഫോർ കണക്ടിവിറ്റി ടു ഗ്രിഡ്) റെഗുലേഷൻ 2007, സി.ഇ.എ റെഗുലേഷനിൽ പ്രതിപാദിച്ചിരിക്കുന്ന അല്ലെങ്കിൽ, വൈദ്യുതിയുടെ ഉത്പാദനം, പ്രസരണം, വിതരണം, പരിശോധനാ നടപടിക്രമം, സ്വിച്ചുകളുടെയും ഉപകരണങ്ങളുടെയും എർത്തിംഗ്, അഗ്നിസുരക്ഷ, എന്നിവയുമായി ബന്ധപ്പെട്ട ഐഎസ്/എൻ.ഇ.സി/ഐ.ഇ.സി സ്റ്റാൻഡേർഡുകൾ മുതലായവ, നാഷണൽ ഇലക്ട്രിക് കോഡ്, നാഷണൽ ബിൽഡിംഗ് കോഡ്, മുകളിൽ പറഞ്ഞ ആക്റ്റുകളുടെയും, റെഗുലേഷൻസിലേയും, കോഡിലെയും, സ്റ്റാൻഡേർഡ്സിലെയും കാലാകാലങ്ങളിലുള്ള പരിഷ്ക്കരണങ്ങൾ, മിന്നൽ രക്ഷാചാലകത്തെക്കുറിച്ചുള്ള അനുബന്ധ ഇൻഡ്യൻ സ്റ്റാൻഡേർഡ്സ്.